LIBRARY ARCHIVES Kerala Legislative Assembly

**സംസ്ഥാനത്തെ പാക്കിസ്ഥാൻ പൗരൻമാർ**

29 [3722] *ശ്രീ. ബിനോയ് വിശ്വം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാക്കിസ്ഥാൻ പൗരത്വമുള്ള എത്രപേർ സംസ്ഥാനത്ത് താമസിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം പാകിസ്ഥാൻ പൗരത്വമുള്ള എത്രപേരെ ആ രാജ്യത്തേക്ക് തിരിച്ചയച്ചു എന്ന് വെളിപ്പെടുത്താമോ;

(സി) വിസ കാലാവധി കഴിഞ്ഞശേഷം കേരളത്തിൽ തങ്ങിയ വിദേശ പൗരൻമാർ കഴിഞ്ഞ നാല് വർഷത്തിൽ എത്ര പേരുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഡി) ഇവരുടെ കാര്യത്തിൽ സർക്കാർ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയാമോ?

*ഉത്തരം*

(എ) 310 പേർ.

(ബി) ആരെയും തിരിച്ചയച്ചിട്ടില്ല.

(സി) 270 പേർ.

(ഡി) വിസ കാലാവധി കഴിഞ്ഞ് ഇവിടെ താമസിച്ചുവരുന്ന വിദേശ പൗരൻമാർ, വിസ കാലാവധി നീട്ടി കൊടുക്കുന്നതിനായി സമർപ്പിക്കുന്ന അർഹമായ അപേക്ഷകൾ സംസ്ഥാന സർക്കാർ ശുപാർശ ചെയ്ത്, കേന്ദ്ര സർക്കാരിന് അയച്ചു കൊടുക്കാറുണ്ട്. കൂടാതെ അനധികൃതമായി താമസിച്ചുവരുന്നവരെ കണ്ടുപിടിക്കുന്ന മുറയ്ക്ക് തിരിച്ചയയ്ക്കാൻ നടപടി സ്വീകരിക്കാറുണ്ട്.

**മംഗളവനം ബഫർ സോൺ സംരക്ഷിക്കാൻ നടപടി**

30 [3724] *ശ്രീ. രാജു എബ്രഹാം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മംഗള വനത്തിന്റെ ബഫർ സോണായി വരുന്ന പ്രദേശത്ത് ഹൈക്കോടതി മന്ദിരത്തിന്റെ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തുവാൻ ഏതെങ്കിലും തരത്തിലുള്ള തീരുമാനം ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ തീരുമാനം പുനഃപരിശോധിച്ച് മംഗളവനം സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

*ഉത്തരം*

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.